## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 418 — 6.3.2012-ൽ മറുപടിക്ക്.

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ശിവദാസൻ നായർ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ.എം.പി. വിൻസെന്റ്. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യഥാർത്ഥ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്.<br>2. പദ്ധതിയുടെ പ്രാരംഭഘട്ട നടപടികൾക്കായി 158.68 കോടി രൂപ അനുവദിക്കുകയും പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.<br>3. ജില്ലാ കളക്ടർ മുഖാന്തിരം സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ഇതു സംബന്ധിച്ച് എന്തെല്ലാം അനുമതികളാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ളത്; | (ബി) | പൊതു നിക്ഷേപക ബോർഡിന്റെയും കേന്ദ്രമന്ത്രിസഭയുടെയും അംഗീകാര മാണ് ലഭിക്കാനുള്ളത്. |
| (സി) | പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. നോർത്ത് മേൽപാലത്തിന്റെ പുനർനിർമ്മാണം, സലീം രാജൻ റോഡ് കെ.എസ്.ആർ.ടി.സി മേൽപ്പാലത്തിന്റെ നിർമ്മാണം, എം.ജി. റോഡ് , ബാനർജി റോഡ് , സൗത്ത് റെയിൽവേ സ്റ്റേഷൻ റോഡുകളുടെ വീതികൂട്ടൽ അടങ്ങിയ പദ്ധതികളുടെ പ്രവർത്തനം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ